ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരെ തെരഞ്ഞെടുക്കുന്നതിന്റെ മാനദണ്ഡം

23 (*426) ശ്രീ. പി. കെ. അബ്ദുറബ്ബ് :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. പി. കെ. കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളെ തെരഞ്ഞെടുക്കുന്നതിന്റെ മാനദണ്ഡം എന്താണ് ;

(ബി) ഇങ്ങനെ തെരഞ്ഞെടുക്കുമ്പോൾ കുടുംബം എന്നതിന്റെ പരിധിയിൽ വരുന്ന അംഗങ്ങൾ ആരൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(സി) ബി. പി. എൽ., ലസ്റ്റിൽപ്പെട്ട കുടുംബാംഗങ്ങൾ വെവ്വേറെ വീട്ടിലേക്ക് താമസം മാറ്റിയാൽ രണ്ടു കുടുംബങ്ങളേയും ബി. പി. എൽ.-ന്റെ പിരിധിയിൽപ്പെടുത്തുമോ എന്നറിയിക്കാമോ ;

(ഡി) ഇല്ലെങ്കിൽ എങ്ങനെയാണ് ഇവരെ പരിഗണിക്കുന്നത് ;

(ഇ) ഇതിന്റെ അടിസ്ഥാനത്തിൽ റേഷൻ കാർഡിൽ ക്രമീകരണം നടത്താൻ വേണ്ട നിർദ്ദേശം നൽകുമോ ?

ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. സി. എഫ്. തോമസ്) :

(എ) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളെ കണ്ടെത്തുന്നത് ദാരിദ്ര്യരേഖാ സെൻസസ്സിലൂടെയാണ്. പത്താം പദ്ധതിക്കായുള്ള ദാരിദ്ര്യരേഖാ സെൻസസ് നടത്തുന്നത് സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ കേന്ദ്ര ഗ്രാമ വികസന മന്ത്രാലയം പുറപ്പെടുവിച്ചിരുന്നു. ഇതനുസരിച്ചുള്ള സെൻസസ് നടന്നു വരുന്നു. കേന്ദ്ര സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം ദാരിദ്ര്യരേഖ സെൻസസ് നടത്തുന്നതിന് നിശ്ചയിച്ചിട്ടുള്ള ഫോറത്തിന് രണ്ടു ഭാഗങ്ങളുണ്ട്. ഭാഗം (എ)ൽ കുടുംബത്തെ സംബന്ധിക്കുന്ന വിവരങ്ങൾ ശേഖരിക്കുന്നതിന് ഉദ്ദേശിച്ചിട്ടുള്ളതാണ്. ഭാഗം (ബി) ദാരിദ്ര്യനിർണ്ണയത്തിനുള്ള വിവരങ്ങൾ ശേഖരിക്കുന്നതിനുള്ളതാണ്. ഇതിനായി ജീവിത നിലവാരത്തെ സൂചിപ്പിക്കുന്ന സാമൂഹികവും സാമ്പത്തികവുമായ 13 സൂചകങ്ങൾ നൽകിയിട്ടുണ്ട്. ഓരോ സൂചകത്തിന്മേലും 0,1,2,3,4, എന്നിങ്ങനെ അഞ്ച് സ്കോർ നൽകുന്നതിന് വ്യവസ്ഥയുണ്ട്. കുടുംബത്തിന്റെ സ്ഥിതി അനുസരിച്ച് ഓരോ സൂചകത്തിന്മേലും ഏറ്റവും അനുയോജ്യമായ സ്കോർ നൽകേണ്ടതാണ്. ഓരോ കുടുംബത്തിനും 13 സൂചകങ്ങളിലുമായി ലഭിക്കുന്ന ആകെ സ്കോർ കണക്കാക്കേണ്ടതും ഇതിന്റെ അടിസ്ഥാനത്തിൽ ഓരോ കുടുംബത്തിന്റെ സ്ഥാനം ആരോഹണ ക്രമത്തിൽ നിശ്ചയിക്കേണ്ടതുമാണ്. ഓരോ സംസ്ഥാനത്തും ദാരിദ്ര്യരേഖാ സെൻസസിലൂടെ കണ്ടെത്തുന്ന പാവപ്പെട്ട ആളുകളുടെ എണ്ണം പ്ലാനിംഗ് കമ്മീഷൻ 1999-2000-ൽ തിട്ടപ്പെടുത്തിയിട്ടുള്ള സംസ്ഥാനങ്ങളിലെ

LIBRARY ARCHIVES Kerala Legislative Assembly

പാവപ്പെട്ടയാളുകളുടെ എണ്ണമോ അല്ലെങ്കിൽ ഈ എണ്ണത്തിൽ പ്ലാനിംഗ് കമ്മീഷൻ വരുത്തിയ നീക്കുപോക്ക് അനുസരിച്ചുള്ള കണക്കോ ഏതാണോ കൂടുതൽ അതിൽ കൂടുതൽ ആകാൻ പാടില്ലെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഇക്കാര്യം കണക്കിലെടുത്ത് വേണം സംസ്ഥാനങ്ങൾ ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ള കുടുംബങ്ങളെ നിശ്ചയിക്കുന്നതിനുള്ള കുറഞ്ഞ സ്കോർ നിശ്ചയിക്കേണ്ടതെന്നും നിർദ്ദേശിച്ചിട്ടുണ്ട്. പതിമൂന്ന് സൂചകങ്ങളിലുമായി ഓരോ കുടുംബത്തിനും ലഭിക്കുന്ന സ്കോർ ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള കുടുംബങ്ങളെ നിശ്ചയിക്കുന്നതിന് സംസ്ഥാനങ്ങൾ നിശ്ചയിക്കുന്ന കുറഞ്ഞ സ്കോർ എന്നിവയെ അടിസ്ഥാനമാക്കിയാണ് ദാരിദ്ര്യ കുടുംബങ്ങളെ നിർണ്ണയിക്കേണ്ടത്.

(ബി) ഇങ്ങനെ തെരഞ്ഞെടുക്കുമ്പോൾ കുടുംബം എന്നതിന്റെ പിരിധിയിൽ വരുന്ന അംഗങ്ങൾ കുടുംബനാഥൻ, കുടുംബനാഥ, പിതാവ്, മാതാവ്, മകൻ, മകൾ, മകന്റെ ഭാര്യ, മക്കളുടെ മക്കൾ എന്നിവരാണ്.

(സി&ഡി) പത്താം പദ്ധതിക്കായുള്ള ദാരിദ്ര്യരേഖാ സെൻസസ് നടന്നു വരുന്നതേയുള്ളൂ. ബി. പി. എൽ. ലിസ്റ്റ് അന്തിമമായി തയ്യാറാക്കി കഴിഞ്ഞാൽ ഇതിൽ കൂടുതൽ കുടുംബങ്ങളെ കൂട്ടിച്ചേർക്കാൻ പാടില്ലെന്ന് കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. സെൻസസ് പ്രകാരം തയ്യാറാകുന്ന ബി. പി. എൽ. (BPL) ലിസ്റ്റിൽപ്പെട്ട കുടുംബാംഗങ്ങൾ വെവ്വേറെ വീട്ടിലേക്ക് താമസം മാറ്റിയാൻ രണ്ട് കുടുംങ്ങളേയും ബി. പി. എൽ. ആയി പരിഗണിക്കാമോ എന്ന കാര്യത്തിന്മേൽ കേന്ദ്ര ഗ്രാമ വികസന മന്ത്രാലയത്തിൽ നിന്നും സ്പഷ്ടീകരണം തേടുന്നതാണ്.

(ഇ) ഗ്രാമ വികസന വകുപ്പു തയ്യാറാക്കുന്ന ബി. പി. എൽ. ലിസ്റ്റിൽപ്പെട്ട എല്ലാ കുടുംബങ്ങൾക്കും ബി. പി. എൽ. റേഷൻ കാർഡ് ഇപ്പോൾ നൽകുന്നില്ല. ആയതിനാൽ ഇക്കാര്യം ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പാണ് പരിശോധിക്കേണ്ടത്.

ആരോഗ്യ ഫണ്ട് രൂപീകരിക്കാൻ നടപടി

24 (*427) ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. തോമസ് ചാഴികാടൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആവശ്യമായ ഫണ്ടിന്റെ അപര്യാപ്തതമൂലം സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിലൂടെ ഗവൺമെന്റ് ഉദ്ദേശിക്കുന്ന മെച്ചപ്പെട്ട സേവനം രോഗികൾക്ക് നൽകാൻ കഴിയുന്നില്ലായെന്ന് ബോധ്യപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ സർക്കാർ ആശുപത്രികളുടെ സാമ്പത്തിക സ്വാതന്ത്ര്യം ഉറപ്പുവരുത്തുന്നതിന് 'ആരോഗ്യ ഫണ്ട്' സ്വരൂപിക്കാൻ സർക്കാരിന് പദ്ധതിയുണ്ടോ ;

(സി) ഉണ്ടെങ്കിൽ പ്രസ്തുത ഫണ്ട് എങ്ങനെ സ്വരൂപിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly